യുമൊക്കെ ഏറെക്കുറെ ഏകീകരിച്ചുകൊണ്ടു ഒരു ആലോചനയാണ് ഗവൺമെൻറിൻെറ മുൻപിലുള്ളത്.

ശ്രീ. സേവ്യർ അറയ്ക്കൽ: കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു സാങ്കേതിക യൂണിവേഴ്സിറ്റിയായി വികസിക്കുന്നുണ്ടെന്നു മന്ത്രി പറഞ്ഞു. അങ്ങനെ വികസിക്കുന്നില്ല. പല വകുപ്പുകളും ഇന്നിവിടെ പ്രവർത്തിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ യൂണിവേഴ്സിറ്റി ഒരു സാങ്കേതിക യൂണിവേഴ്സിറ്റിയായി വികസിപ്പിക്കുന്നതിനു മുൻകൈയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഇതെപ്പറ്റിയുള്ള ചോദ്യം വരുന്ന ദിവസം ചോദിച്ചാൽ പറയാം.

ശ്രീ. ടി. എം. ജേക്കബ്: തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനു കൂടുതൽ പ്രസക്തിയുള്ള ഈ സന്ദർഭത്തിൽ ഒരു വ്യവസായ സർവ്വകലാശാല നമ്മുടെ സംസ്ഥാനത്തു തുടങ്ങുന്നതു നല്ലതല്ലേ? ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഏതെങ്കിലും സംഘടനകളം സംസ്ഥാന ഗവൺമെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: Centre for Management Development എന്നുള്ള നിലയിൽ ഇതിൻെറ ഒരു താൽക്കാലികാവശ്യം നിർവ്വഹിക്കുന്ന ചെറിയരൂപത്തിലുള്ള പരിശീലനംകൊടുക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ചുള്ള പ്രാഥമികമായ പ്രോജക്ട് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു പരിഗണനയിലിരിക്കുകയാണ്.

കുക്കിംഗ് ഗ്യാസ് ക്ഷാമം

* 480 [504] ശ്രീ. കെ. അനിരുദ്ധൻ:

,, പി. ആർ. ശിവൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുക്കിംഗ് ഗ്യാസിനു സംസ്ഥാനത്തു പൊതുവേ ക്ഷാമം നേരിടുന്നുണ്ടെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണിതിൻെറ കാരണമെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ കാരണങ്ങളാലാണ് ക്ഷാമം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷാമം പരിഹരിക്കാൻ വല്ല നടപടിയും ഇതിനകം സ്വീകരിച്ചോ;

(ഇ) ഉണ്ടെങ്കിൽ എന്തൊക്കെ നടപടി എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ, ബി, സി, ഡി, ഇ) നിലവിലുള്ള ഉപഭോക്താക്കൾക്കു കുക്കിംഗ് ഗ്യാസ് കിട്ടുന്നതിന് പൊതുവേ ക്ഷാമമുണ്ടായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ ജനുവരി അവസാനവും ഫെബ്രുവരി ആദ്യവും കൊച്ചിൻ റിഫൈനറിയിലുണ്ടായ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

കാരണങ്ങളാൽ ഏതാനും ദിവസത്തേക്ക് വിതരണം നടത്തുന്നതിന് കാലതാമസം നേരിട്ടിരുന്നു എന്നറിയുന്നു. ഇപ്പോഴും വിതരണത്തിനു യാതൊരു തടസ്സവുമില്ല. എന്നാൽ ധാരാളം അപേക്ഷകർ പേര് രജിസ്റ്റർചെയ്ത് നാളുകളായി കാത്തിരിക്കുന്നതായി അറിയാം.

ശ്രീ. കെ. അനിരുദ്ധൻ: നമ്മുടെ സ്റ്റേറ്റിലൊട്ടാകെ എത്ര പേർക്കു കുക്കിംഗ് ഗ്യാസ് വിതരണം ചെയ്തിട്ടുണ്ടെന്നും എത്രപേർ വെയിറ്റിംഗ് ലിസ്റ്റിലുണ്ടെന്നും പറയാമോ?

ശ്രീ. ടി.എസ്. ജോൺ: 55,778 പേർക്കു വിതരണം ചെയ്തിട്ടുണ്ട്. 20,375 പേർ വെയിറ്റിംഗ് ലിസ്റ്റിലുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ: നമ്മുടെ സംസ്ഥാനത്ത് എത്ര ടൺ കുക്കിംഗ് ഗ്യാസ് ഉൽപ്പാദിപ്പിക്കുന്നുണ്ട്., അതിൽ എത്ര ടൺ വെളിയിൽ കൊടുത്തയക്കുന്നുണ്ട്?

ശ്രീ. ടി. എസ്. ജോൺ: നമ്മുടെ സംസ്ഥാനത്ത് 1500 ടൺ കുക്കിംഗ് ഗ്യാസ് (കൊച്ചിൻ റിഫൈനറിയിൽ നിന്നും) ഉൽപ്പാദിപ്പിക്കുന്നതായിട്ടാണറിയുന്നത്. അതിൽ 750 ടൺ ആണ് കേരളത്തിൽ ഉപയോഗിക്കുന്നത്. 150 ടൺ വ്യവസായാവശ്യത്തിനും 600 ടൺ വീട്ടാവശ്യത്തിനുമാണ്. വെളിയിൽ കൊടുത്തയക്കുന്നത് 750 ടൺ.

ശ്രീ. പി. ആർ. ശിവൻ: 55,778 കൺസ്യൂമേഴ്സ് ഉണ്ടെന്നു പറഞ്ഞു. അതിന്റെ ജില്ലതിരിച്ചുള്ള കണക്കു വെളിപ്പെടുത്തുമോ?

ശ്രീ. ടി.എസ്. ജോൺ:

എറണാകുളം	19112
തിരുവനന്തപുരം	13038
കൊല്ലം	2746
കോട്ടയം	2719
ആലപ്പുഴ	1764
തൃശ്ശൂർ	4812
പാലക്കാട്	2967
കോഴിക്കോട്	5220
കണ്ണൂർ	3340

ശ്രീ. പി. ആർ. ശിവൻ: ജനസാന്ദ്രത കൂടുതലുള്ള പ്രദേശത്തും കുറവുള്ള പ്രദേശത്തും കുക്കിംഗ് ഗ്യാസ് വിതരണം ചെയ്യുന്നതിന് ഒരേ മാനദണ്ഡം സ്വീകരിച്ചതുകൊണ്ടല്ലേ ജനസാന്ദ്രത കൂടുതലുള്ള തിരുവനന്തപുരം പോലെയുള്ള സ്ഥലങ്ങളിൽ കുക്കിംഗ് ഗ്യാസിന് ഇത്രയും ക്ഷാമമനുഭവപ്പെടുന്നത്?

ശ്രീ. ടി. എസ്. ജോൺ: തിരുവനന്തപുരത്ത് ഇപ്പോഴും 13,038 പേർക്കാണ് കൊടുത്തിരിക്കുന്നത്. 31.3.1977 വരെ പേരു രജിസ്റ്റർ ചെയ്ത ആളുകൾക്കെല്ലാം അടുത്ത മേയ്മാസത്തിനു മുൻപായി കൊടുത്തുതീർക്കുന്നതിനുവേണ്ട നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് കൊടുത്തതായിട്ടാണറിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: കാത്തുകിടക്കുന്ന അപേക്ഷകർക്കെല്ലാം കൊടുക്കുന്നതിനാവശ്യമായ നിലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കൊച്ചിയിൽ ഉൽപ്പാദിപ്പിക്കുന്ന 1500 ടണ്ണും കേരളത്തിന്റെ ആവശ്യത്തിനു തരണമെന്നു കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്ന കാര്യവും കേന്ദ്രമന്ത്രിയോടു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: വിറകിന്റെ വിലക്കൂടുതലും ക്ഷാമവും കാരണം ആളുകൾ കുക്കിംഗ് ഗ്യാസ് ഉപയോഗിക്കുന്ന എർപ്പാടിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾതന്നെ ഇരുപതിനായിരത്തിൽപരം അപേക്ഷകരുള്ളതുകൊണ്ടാണ് ആളുകൾ പുതുതായി അപേക്ഷിക്കാൻ മടിക്കുന്നത്. ഈ വസ്തുത കണക്കിലെടുത്ത് അപേക്ഷകർക്കെല്ലാവർക്കും കൊടുക്കാനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കൂടുതലാളുകൾക്ക് കൊടുക്കണമെന്നു കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. സീതിഹാജി: മന്ത്രി ഇവിടെ വായിച്ച ലിസ്റ്റിൽ മലപ്പുറം ജില്ലയുടെ പേര് കണ്ടില്ല. അവിടെ അപേക്ഷകരില്ലാഞ്ഞിട്ടാണോ?

മി. സ്പീക്കർ: അവിടെ ധാരാളം വിറകുണ്ട്.

ശ്രീ. ടി. എസ്. ജോൺ: മലപ്പുറം—ഇടുക്കി ജില്ലാ തലസ്ഥാനങ്ങളിലൊഴികെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും കുക്കിംഗ് ഗ്യാസ് വിതരണം നടത്തുന്നുണ്ട്. ഇടുക്കി—മലപ്പുറം ജില്ലാ തലസ്ഥാനങ്ങളിലും എത്രയും വേഗം വിതരണം നടത്തണമെന്നു കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: കേന്ദ്രഗവൺമെന്റിന്റെ ഇക്കൊല്ലത്തെ ബഡ്ജറ്റ്മൂലം ഒരു സിലിണ്ടർ ഗ്യാസിന് രണ്ടുരൂപയിൽ കൂടുതൽ വിലവർദ്ധനവുണ്ടായിട്ടുണ്ട്. ഇതിൽ പ്രതിഷേധിച്ച് ഈ ഗവൺമെന്റ് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി.എസ്. ജോൺ: കേന്ദ്രത്തിൽ നിവേദനമൊന്നും നടത്തിയിട്ടില്ല. ആ വിലയ്ക്കെങ്കിലും വിതരണം നടത്തിക്കിട്ടിയാൽമതി. എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. എം. കെ. കൃഷ്ണൻ: കുക്കിംഗ് ഗ്യാസിനു ക്ഷാമമില്ലെന്നു പറഞ്ഞു. ക്ഷാമമുണ്ട്. ഞങ്ങളൊക്കെ കുക്കിംഗ് ഗ്യാസാണ് ഉപയോഗിക്കുന്നത്. ആവശ്യപ്പെട്ടാൽ ഒന്നും രണ്ടും ആഴ്ചകഴിഞ്ഞേ കിട്ടുന്നുള്ളു. അതുപോകട്ടെ ഈ ക്ഷാമത്തിന് ഒരു കാരണം വ്യവസായാവശ്യങ്ങൾക്ക് ഇതുപയോഗിക്കുന്നതാണ്. ഉപയോഗിക്കാതെയും അവയ്ക്കു പ്രവർത്തിക്കാൻ കഴിയുമെന്നിരിക്കേ അതു നിറുത്തലാക്കി അതുകൂടി വീട്ടാവശ്യത്തിനു കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ടി. എസ്. ജോൺ: വ്യവസായാവശ്യങ്ങൾക്കു കുക്കിംഗ് ഗ്യാസ് പുതുതായി നൽകുന്നില്ല എന്ന നയമാണു സ്വീകരിച്ചിട്ടുള്ളതെന്നാണറിയുന്നത്. 76—നു മുൻപു കൊടുത്തുകൊണ്ടിരുന്നത് തുടരുന്നു എന്നേയുള്ളു.

ശ്രീ. എ. വി. താമരാക്ഷൻ: കുക്കിംഗ് ഗ്യാസ് വിതരണം വളരെ കുറവ് ആലപ്പുഴ ജില്ലയിലാണെന്നാണു കാണുന്നത്. വിറകിന്റെ ദൗർലഭ്യം ഏറ്റവുമധികമുള്ള ആലപ്പുഴജില്ലയിൽ കൂടുതൽ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ തയ്യാറാകുമോ? നിയമസഭാ സാമാജികൻമാരുടെ ഒപ്പുശേഖരിച്ച് കൊടുക്കുന്നതിന് ധാരാളം അപേക്ഷകൾ വരാറുണ്ട്. നിയമസഭാ സാമാജികൻമാർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മുൻഗണനനൽകാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: ആലപ്പുഴ ജില്ലയിൽ കൂടുതൽ വിതരണം നടത്തുന്നതിനാവശ്യമായ സമ്മർദ്ദം കേന്ദ്രഗവൺമെൻറിൽ ചെലുത്തുന്നതാണ്. നിയമസഭാ സാമാജികൻമാർക്ക് മുൻഗണന കൊടുക്കുന്ന കാര്യത്തെക്കുറിച്ചൊന്നും അറിഞ്ഞുകൂടാ. ഇൻഡ്യൻ ഓയിൽ കോർപ്പറേഷനാണ് കൊടുക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: വെയിറിംഗ് ലിസ്റ്റിലുള്ളവർക്കു കൊടുക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുമെന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ മാത്രമേ ഇപ്പോഴും കുക്കിംഗ് ഗ്യാസ് വിതരണം ഉള്ളൂ. ചെറിയ നഗരങ്ങളിൽക്കൂടി വിതരണംചെയ്യുന്നതിനു ശ്രമിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: പ്രധാനപ്പെട്ട പട്ടണങ്ങളിൽപ്പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ കൊടുത്തിട്ടു മാത്രമേ ഗ്രാമപ്രദേശങ്ങളിൽ വിതരണംചെയ്യുന്ന കാര്യം കേന്ദ്രത്തിൻറെ ശ്രദ്ധയിൽപെടുത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. എച്ച്. മുസ്തഫ: വ്യവസായാവശ്യങ്ങൾക്കു കൊടുത്തുകൊണ്ടിരിക്കുന്നതു നിറുത്തലാക്കുകയും ഇവിടെ ആവശ്യമുള്ളിടത്തോളം വിതരണം ചെയ്യുകയും ചെയ്യാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ടി. എസ്. ജോൺ: വ്യവസായാവശ്യത്തിനു് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതു നിറുത്താൻ നിവൃത്തിയില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഗ്യാസ് ഇവിടെത്തന്നെ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട് വീണ്ടും ആവശ്യപ്പെടുകയും ചെയ്യാം.

ശ്രീ. പി. പി. എസ് തോസ്: വിറകിൻറെ ക്ഷാമം ഇന്നു പട്ടണപ്രദേശങ്ങളിൽ മാത്രമല്ല, വലുതും ചെറുതുമായ നഗരങ്ങളിലെല്ലാം ഉണ്ട്. ഈ ക്ഷാമം പരിഗണിച്ച് പ്രധാനപ്പെട്ട താലൂക്ക് തലസ്ഥാനങ്ങളിലെങ്കിലും കുക്കിംഗ് ഗ്യാസ് വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെൻറുമായി അടിയന്തിരമായി ആലോചിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: പ്രധാനപ്പെട്ട പട്ടണങ്ങളിൽ കുക്കിംഗ് ഗ്യാസ് വിതരണം നടത്തണമെന്ന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: നമ്മുടെ സംസ്ഥാനത്ത് കുക്കിംഗ് ഗ്യാസ് രംഗത്തുള്ള സ്കെഴ്സിറ്റി പരിഗണിച്ച് അതിനു പകരമായി ഗോബർഗ്യാസ് വ്യാപകമായി ഉപയോഗിച്ച് ഇതിന് പരിഹാരം കാണുന്നതിനുള്ള ശ്രമം ഗവൺമെൻറിൻറെ ഭാഗത്തു നിന്ന് ഉണ്ടാകുമോ?

ശ്രീ. ടി. എസ്. ജോൺ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: പട്ടണപ്രദേശങ്ങളിലേ കുക്കിംഗ് ഗ്യാസ് സപ്ലൈ ചെയ്യുന്നുള്ളൂവെന്ന് മന്ത്രി വായിച്ച ലിസ്റ്റിൽ നിന്നും മനസ്സിലായി. ഗ്രാമപ്രദേശങ്ങളിലാണ് ഇന്നു വിറകിൻറെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാമം കൂടുതലായി ഉണ്ടാകുന്നത്. അതു പരിഗണിച്ച് ഗ്രാമപ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിറകു ഡിപ്പോകൾ ആരംഭിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഗ്രാമപ്രദേശങ്ങളിൽ വിറകുക്ഷാമം കുറവാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. പിന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിറകുകട തുടങ്ങണമെന്ന് ആഗ്രഹിക്കുന്നില്ല.

കായികതാരങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ

* 481 [505] ശ്രീ. എ. എ. റഹീം:
,, എം. പി. ഗംഗാധരൻ:
,, തെന്നല ബാലകൃഷ്ണപിള്ള:
,, സേവ്യർ അറയ്ക്കൽ:
,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നിലവാരത്തിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന കായികതാരങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് അനുവദിച്ചിട്ടുള്ള സംഖ്യ അപര്യാപ്തമാണെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും സമരപരിപാടികൾ നടക്കുകയുണ്ടായോ;

(സി) ഇക്കാര്യത്തിന് എത്രപേരെ അറസ്റ്റു ചെയ്തു; എവിടെ വച്ച്;

(ഡി) കായികതാരങ്ങൾക്കു നൽകുന്ന ടി. എ., ഡി. എ. നിരക്കെത്ര?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഇത്തരത്തിൽ ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) കോച്ചിംഗ് ക്യാമ്പിൽ സംബന്ധിച്ചിരുന്ന ചിലർ സെക്രട്ടേറിയറ്റു പടിക്കൽ പ്രകടനം നടത്തിയതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) കോച്ചിംഗ് ക്യാമ്പിൽ സംബന്ധിക്കുന്നവർക്ക് ആളൊന്നുക്ക് 8 രൂപ ദിനബത്ത നൽകുന്നതിനും ക്യാമ്പിൽ വരുന്നതിനും പോകുന്നതിനും തീവണ്ടിയാത്രയ്ക്കു രണ്ടാംക്ലാസ് എക്സ്പ്രസ് തീവണ്ടിയിലും, ബസ്യാത്രയ്ക്കു ഫാസ്റ്റ് പാസഞ്ചർ ബസ് ചാർജ്ജും ഓരോരുത്തർക്കും നൽകുന്നതിനും ദേശീയതലങ്ങളിൽ പങ്കെടുക്കുന്നതിന് പ്രതിദിനം പത്തുരൂപ യാത്രച്ചെലവും പത്തുരൂപ ദിനബത്തയും നൽകുന്നതിനും അസോസിയേഷനുകൾക്ക് ഗ്രാന്റു നൽകുന്നുണ്ട്.

ശ്രീ. എ. എ. റഹീം: ഈ എട്ടു രൂപയും പത്തുരൂപയും നൽകുന്നത് തൃപ്തികരമാണെന്ന അഭിപ്രായം മന്ത്രിക്ക് ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly